# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മേനി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി3-1103/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 27/02/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മേനി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി3-1103/2022 തീയ്യതി: 27/02/2023

## വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അഗസ്റ്റ്യൻ ഒ. കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 01-12-2022 | 12-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 12-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.വി.പ്രശാന്ത്
ശ്രീമതി.കെ.കെ.ബിന്ദു അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അലിഅക്ബർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അപർണ്ണ ശശിധരൻ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല പുഞ്ചവയൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ വീനോദ്കുമാർ .എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് കുമാർ എം | സെക്രട്ടറി | 01-04-2021 | 31-03-2022 |
| രമ്യ അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനി യർ | 01-04-2021 | 31-03-2022 |
| പ്രമോദ്.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| അനുപമ | കൃഷിഓഫീ സർ | 01-04-2021 | 31-03-2022 |
| ഡോ .സിമിത | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ കൃഷ്ണപ്രിയ | മെഡിക്കൽഓഫീസർ.എഫ്.എസ്.സി | 01-04-2021 | 31-03-2022 |
| ഡോ ആർ മദൻമോഹൻ | മെഡിക്കൽഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ദീപറാണി | മെഡിക്കൽഓഫീസർ.ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ആലീസ് ഷേർലി.എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ലൂമാബായ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സുജിത്ത് കുമാർ | സബ്ബ്ഇൻസ്പെകൂർ ഫിഷറീസ് | 01-04-2021 | 31-03-2022 |
| സൂരജ് വേണുഗോപാൽ | ഡയറി ഫാം ഇൻസ്പ്കൂർ | 01-04-2021 | 31-03-2022 |
| ഷാനോജ് .എൻ.പി. | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-11-2021 |
| സുജിത്ത് കുമാർ.കെ. | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിന്റെ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-1-1 |
| 3 | വാർഷികകണക്കുകൾ | 1-2 |
| 4 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ)പ്രകാരം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-11 |
| 13 | ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയതിലെ അപാകതകൾ | 1-12 |
| 14 | ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. | 1-13 |
| 15 | ലൈസൻസ് ഫീസ് - അപാകതകൾ | 1-14 |
| 16 | ലൈസൻസ് ഫീസ് പിരിവ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-14-1 |
| 17 | തൻവർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവ് | 1-14-2 |
| 18 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. | 1-14-3 |
| 19 | റിസോർട്ടുകളിൽ നിന്നും ലോഡ്ജിംഗ് ലൈസൻസ് ഫീസ് ഈടാക്കിയില്ല. | 1-14-4 |
| 20 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 1-15 |
| 21 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല. | 1-15-1 |
| 22 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. | 1-15-2 |
| 23 | ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-16 |
| 24 | തൊഴിൽ നികുതി ഈടാക്കിട്ടില്ല. | 1-17 |
| 25 | വസ്തു നികുതി - വിജ്ഞാപനം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 26 | വസ്തു നികുതി- വാർഷിക കണക്കുമായി യോജിക്കുന്നില്ല. | 1-19 |

| | | |
|---|---|---|
| 27 | വസ്തു നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല. | 1-20 |
| 28 | പൊതുമരാമത്ത് പദ്ധതികളുടെ നിർവഹണം -അപാകതകൾ | 1-21 |
| 29 | അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-22 |
| 30 | പൊതു ടോയ്‌ലെറ്റം, ടേക്ക് എ-ബ്രേക്ക് വിശ്രമകേന്ദ്രവും - കെട്ടിടം ഉപയോഗക്ഷമമായില്ല. | 1-23 |
| 31 | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ നല്കൽ-ഗുണഭോക്താവ് കൈപ്പറ്റിയതായി രേഖയില്ല | 1-24 |
| 32 | പദ്ധതികൾ മോണിട്ടറിങ്ങ് നടത്തുന്നില്ല | 1-25 |
| 33 | സായാഹ്ന ഒ.പി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-26 |
| 34 | എസ്.എസ്.കെ.വിഹിതം-ധനവിനിയോഗസാക്ഷ്യപത്രത്തിൽ വൈരുദ്ധ്യം | 1-27 |
| 35 | പൊതുടാപ്പുകൾക്ക് വെള്ളക്കരം അടക്കൽ -സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-28 |
| 36 | വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും | 1-29 |
| 37 | മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പേരിലുള്ള പെൻഷൻ വിതരണം ചെയ്തു | 1-30 |
| 38 | പോഷകാഹാരം- സ്പിൽ ഓവർ പ്രോജക്റ്റില്ലാതെ മുൻ വർഷത്തെ തുക നൽകി | 1-31 |
| 39 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ₹ 71,100.00അധികം പിൻവലിച്ചു. | 1-32 |
| 40 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു | 1-33 |
| 41 | സംയുക്തപരിശോധന നടത്താതെ വെള്ളക്കരം,വൈദ്യുതി ചാർജ്ജ് അടവാക്കുന്നു. | 1-34 |
| 42 | ഭവനപദ്ധതി വായ്പ:അടവുവിവരങ്ങളും,രേഖകളും തമ്മിൽ വ്യത്യാസം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | വായ്പ / വായ്പാതിരിച്ചടവ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-5 |
| 6 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | മൊബലൈസേഷൻ അഡ്വാൻസ് | 4-8 |
| 9 | നിലവിലെ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | 18.02.2021 തീയതിയിലെ 1/57/2021 ബജറ്റ് തീരുമാന പ്രകാരം | 17.03.2022 തീയതിയിലെ 5/62/2022 നമ്പർ പുതുക്കിയ ബജറ്റ്തീരുമാനം പ്രകാരം |
|---|---|---|
| മുൻബാക്കി | 30623159 | 65145528 |
| വരവ് | 287840000 | 257936000 |
| ആകെ | 318463159 | 323081528 |
| ചെലവ് | 313885000 | 308810000 |
| നീക്കി ബാക്കി | 4578159 | 14271528 |

### 1-1-1 ബജറ്റിന്റെ നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും 2021-22 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ അതുമായി ബന്ധപ്പെട്ട യോഗം ചേർന്നതായും രേഖകളിൽ കാണുന്നില്ല.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.ഈ വിധത്തിൽ നിയമപരമായ ബാദ്ധ്യതകൾ നടപ്പാക്കാതെ ബജറ്റ് തയ്യാറാക്കുകയാണ് ചെയ്തത്.ഇത് അതീവഗുരുതരമായ സ്ഥിതിവിശേഷമാണ്.

## 1-2 വാർഷികകണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 31/07/2022 | -- | - |

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 53172079 |
| വരവ് | 237822114 |
| ആകെ | 290994193 |
| ചെലവ് | 215105182 |
| നീക്കിയിരിപ്പ് | 75889011 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ)പ്രകാരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR-പ്രകാരം) | 0 | 31569337 | 31569337 | 30309660*** | 1259677 |
| വികസനഫണ്ട്-എസ്.സി.പി (ACR-പ്രകാരം) | 0 | 4916253 | 4916253 | 3611392 | 1304861 |
| വികസനഫണ്ട്-ടി.എസ്.പി (ACR-പ്രകാരം) | 0 | 20771812 | 20771812 | 20629741 | 142071 |
| മെയിൻറനൻസ് ഫണ്ട്-റോഡ് | 0 | 36713882 | 36713882 | 26293987** | 10419895 |
| മെയിൻറനൻസ് ഫണ്ട്നോൺ-റോഡ് | 0 | 11695287 | 11695287 | 7844948 | 3850339 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്-ബേസിക് ഗ്രാൻറ് | 0 | 11156671 | 11156671 | 6681766 | 4474905 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്-ടൈഡ് ഗ്രാൻറ് | 0 | 19467938 | 19467938 | 5706282* | 13761656 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 25202792 | 25202792 | 10653528 | 14549264 |

*** വാർഷിക കണക്ക് പ്രകാരം 30199660 രൂപയാണ്

** വാർഷിക കണക്ക് പ്രകാരം 24178669 രൂപയാണ്.

* വാർഷിക കണക്ക് പ്രകാരം CFC ടൈഡ് ഗ്രാന്റ് ചെലവ് 3247105 രൂപയാണ്.

കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പാക്കാക്കിയതിനാൽ ലഭിച്ച ഫണ്ട് ലാപ്സായി

എ സി ആർ പ്രകാരമുള്ള ചെലവ് പരിശോധനയിൽ വികസനഫണ്ട് ജനറൽ,എസ്.സി.പി,ടി.എസ്.പി,മെയിന്റനൻസ് ഫണ്ട് റോഡ്,നോൺറോഡ് ഇനത്തിൽ യഥാക്രമം 1259677, 1304861, 141771, 10419895, 3850339 രൂപയോളം ചെലവഴിക്കപ്പെടാക്കത്തതിനാൽ ലാപ്സായ അവസ്ഥയുണ്ടായി. എസ്.സി.പി ,ടി എസ് പി ഫണ്ടുകൾ ലാപ്സാവാൻ കാരണം പ്രോജക്ടുകൾ കൃത്യമായി അസൂത്രണം ചെയ്ത് നടപ്പാക്കാത്തതിനാലാണ്.വിവിധ നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ എസ്.സി.പി, ടി.എസ്.പി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥർ | നടപ്പാക്കിയ പ്രോജക്ടുകൾ എസ്.സി.പി | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ ടി.എസ്.പി | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ |
|---|---|---|---|---|
| കൃഷി ഓഫീസർ | 0 | 7 | 1 | 7 |
| വെറ്ററിനറി സർജൻ | 1 | 11 | 3 | 11 |
| പി.എച്ച്.സി | 0 | 9 | 0 | 9 |
| ഹോമിയോ | 0 | 1 | 0 | 1 |
| ആയുർവ്വേദം | 0 | 4 | 1 | 4 |
| ഫിഷറീസ് | 0 | 5 | 1 | 5 |
| വി ഇ ഒ | 3 | 19 | 2 | 19 |
| സെക്രട്ടറി | 3 | 34 | 5 | 34 |
| ഹെഡ്മാസ്റ്റർ | 1 | 9 | 4 | 9 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 157 | 24 | 157 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | 5 | 2 | 5 |
| ഐസിഡിഎസ് | 0 | 10 | 1 | 10 |
| ഡയറി ഫാം ഇൻസ്പെക്ടർ | 0 | 2 | 1 | 2 |
| ആകെ | 11 | 273 | 44 | 273 |

ഇതിൽ എസ്.സി.പിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒരു പ്രോജക്ട് തുക വകയിരുത്തിയിട്ടും നടപ്പാക്കിയില്ല. ടി.എസ്.പിയിൽ എ ഇ അഞ്ചുപ്രോജക്ടിൽ തുക വകയിരുത്തിയിട്ടും നടപ്പാക്കിയില്ല.പദ്ധതി ആസൂത്രണത്തിൽ തന്നെ

പാളിയതായി ഓഡിറ്റ് വിലയിരുത്തുന്നു.അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 208815974 | 220 | 155359672 | 21 | 56 | 74.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 106286 | 3415209 | 3521495 | 3495788 | 25707 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 69126827 | 69126827 | 69126827 | 0 |
| | | | 13046656 | 13046656 | |

വാർഷിക കണക്ക് പ്രകാരം ഭരണ ചെലവുകൾക്കായി തൻവർഷം ലഭിച്ച തുക 1397700രൂപയാണ്. ആകെ വരവ് ചെലവുകൾ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് മറ്റ് അനുബന്ധ രേഖകളും വാർഷിക കണക്കിലെ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ഭരണ ചെലവുകൾക്കുള്ള തുക മുഴുവനായും ഇതു വരെ പദ്ധതിയിൽ നിന്നും ലഭിക്കാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ട് വിഹിതത്തിൽ നിന്നാണ് ചെലഴിക്കുന്നത്. ഭരണ ചെലവുകൾ വാർഷിക കണക്കിൽ വരവ് ഭാഗത്ത് 1397700രൂപയാണ്. ചെലവ് ഭാഗത്ത് വാർഷിക കണക്കിൽ 33470രൂപയാണ് കാണുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24360 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 10181000 | 647 |
| വിധവാപെൻഷൻ | 35882100 | 2335 |
| വാർദ്ധക്യകാലപെൻഷൻ | 54262000 | 3922 |
| വികലാംഗപെൻഷൻ | 8383100 | 554 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |

തൊഴിലുറപ്പ് പദ്ധതി നിലവിലിരിക്കേ തൊഴിലില്ലായ്മ വേതനം നൽകുന്നത് പരിശോധിക്കേണ്ടതാണ്. ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിധവകളുടെ പെൺമക്കളുടെ ധനസഹായം വാർഷിക കണക്ക് പ്രകാരം 3,20,000 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2022

ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66176/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1.പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി ,വാടക എന്നിവയുടെയൊന്നും യഥാർത്ഥകണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
3. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.
4.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ച് കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ച കാണുന്നില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം, സ്കൂളുകളുടെ ഭൌതികസാഹചര്യം,പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനന്ദനാർഹമാണ്.എന്നാൽ സായാഹ്ന ഒ.പി വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചതിന് ശേഷം പൊതുജനങ്ങൾ വരാതിരുന്ന വിഷയത്തിൽ അവരെ നിലനിർത്തി തനത് ഫണ്ടിൽ നിന്ന് ശമ്പളമിനത്തിൽ തുക നല്കിയത് ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി പരിശോധിച്ചില്ല.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പെൻഷൻ അപേക്ഷകൾ പരിശോധിക്കുന്നുണ്ടെങ്കിലും അങ്കണവാടി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുക, അങ്കണവാടികളുടെ ഭൗതിക സാഹചര്യം അവലോകനം ചെയ്യുക എന്നിങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുന്നതായി കണ്ടില്ല. മരണപ്പെട്ട ആളുകൾക്ക് പെൻഷൻ നൽകുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നത് ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടില്ല. നിലവിൽ 85%പിരിവ് മാത്രമാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല. പദ്ധതികളെക്കുറിച്ചുള്ള വിലയിരുത്തലുകൾ വാർഷികപദ്ധതി അവസാനിക്കാറായ സമയം വിലയിരുത്തപ്പെടുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃഷി ഓഫീസർ നിർദ്ദേശിച്ച പുതുസംരംഭം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/04/22 | 4/2021-09/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-01-2016 | 2010-11 To 2014-15 | 14/03/16 |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 25.07.22തിയ്യതിയിലെ 01/144/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്ക് ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയത്. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ട്രഷറി ടി.എസ്.ബി,തനതുഫണ്ട് ബാങ്ക് അക്കൌണ്ട് എന്നിവയിൽ കേന്ദ്രാവിഷ്കൃതഫണ്ട് ഉൾപ്പെടെ പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കേണ്ട പല ഫണ്ടുകളും നിക്ഷേപിച്ചിരിക്കുന്നു.വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ പ്രത്യേകം അക്കൌണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്. തനതുഫണ്ട് അക്കൌണ്ട് പ്രത്യേകം നിലനിർത്തേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇതര ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഫണ്ടുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ആയതിനാൽ B4-ഷെഡ്യൂളിൽ ബാക്കി നിൽക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ നിലവിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

2. മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ RP-30 യിൽ 1492369 ICDS വരവുണ്ട്.അതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2020-21 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 911229

2021 -22 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100121 - 1492369

ആകെ - 2403598

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 2403598

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 0

അതായത് ഐ.സി.ഡി.എസിന് വേണ്ടി ലഭിച്ച തുകകൾ വക മാറ്റി ചെലവഴിച്ചു എന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ 2021-22 വർഷം 748676 രൂപയാണ് വരവ് വന്നതെന്നും ആയതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ട്.നീക്കിയിരിപ്പ് 193274 രൂപയാണുള്ളത് എന്നും അറിയിച്ചിട്ടുണ്ട്.വാർഷികകണക്കുകളിൽ കാണുന്ന വ്യത്യാസം പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

4.വിവിധബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പരിശോധിച്ചതിൽ Directly Debited By Bank എന്ന് കാണിച്ചിട്ടുള്ള തുക എന്താണെന്ന് വ്യക്തമല്ല.

| അക്കൗണ്ട് നമ്പർ | തീയതി | തുക |
|---|---|---|
| 37377097374<br>SBI,Chulliyode | 31.03.22 | 6384 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ ILGMS തുടങ്ങിയതിന് ശേഷം 31.08.21 മുതൽ 29.03.22 വരെ ലഭിച്ച വസ്തുനികുതിയിൽ 6384 രൂപ നാളിതുവരെ അക്കൗണ്ടിൽ

ക്രഡിറ്റ് ആയിട്ടില്ലയെന്നും ആയതിനാലാണ് Directly Debited എന്ന് ചേർത്തത് എന്നും അറിയിച്ചിട്ടുണ്ട്.തുക അക്കൗണ്ടിൽ വരവ് വെച്ച് അറിയിക്കേണ്ടതാണ്.

5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 23727097 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04 തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ ഇത് ഹൗസിംഗ് ലോൺ റീപേയ്മെന്റ് ആണെന്ന് അറിയിച്ചിട്ടുണ്ട്.

6.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫോറം വില ഈടാക്കിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

7.എല്ലാ അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ | RP 40(b) പ്രകാരമുള്ള ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|
| 1 | 67014045473,SBT | 87121 | വാർഷികകണക്കുകളിൽ കാണുന്നു.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല |
| 2 | 57045673993,SBT | 1642 | വാർഷികകണക്കുകളിൽ കാണുന്നു.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല |
| 3 | 57045267766,SBT | 677291 | വാർഷികകണക്കുകളിൽ കാണുന്നു.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല |
| 4 | State Bank Of India 67095377989 | 44321 | വാർഷികകണക്കുകളിൽ കാണുന്നു.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ നിലവിൽ ഇവ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.എന്നിരുന്നാലും 31.03.22 ലെ റീകൺസിലിയേഷൻ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8.ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം ബാദ്ധ്യതയായി കാണിച്ചിരിക്കുന്ന ലോൺ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 330500102 | സെക്യൂവേഡ് ലോൺ ഫ്രം കോ ഓപ്പറേറ്റീവ് ബാങ്ക് | 4345393 |
| 330500201 | സെക്യൂവേഡ് ലോൺ ഫ്രം KURDFC | 19381704 |
| | ആകെ | 23727097 |

2020-21 വർഷത്തെ ബി-5 ഷെഡ്യൂൾ പ്രകാരം ലോൺ അടക്കാനുണ്ടായിരുന്നതായി കാണിച്ചിരിക്കുന്നത് 32315097 രൂപയാണ്.അതിൽ സെക്യൂവേഡ് ലോൺ ഫ്രം KURDFC യിൽ അടക്കാനുണ്ടായിരുന്ന 24969704രൂപയിൽ ഈ വർഷം 8580000 രൂപ തിരികെ അടച്ചു. ആയതു പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളത് 16389704 രൂപയാണ്.എന്നാൽ വാർഷികകണക്കുകളിൽ 19381704 രൂപയാണ് തിരിച്ചടക്കാനുള്ളതായി കാണിച്ചിരിക്കുന്നത്.ഇത് പൊരുത്തപ്പെടുന്നില്ല.

9.KURDFC വായ്പ സംബന്ധിച്ച് രേഖകൾ ഹാജരാക്കാത്തതിനാൽ വായ്പാ വിവരത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

11.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

12.Liability In Respect Of Stale Cheque എന്ന ശീർഷകത്തിലുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ വരുമാനത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല-

13.കിട്ടാനുള്ള തുകകൾ പൂർണ്ണമായും വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
ഉദാ: ഇ ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ തുക. ഈ തുക LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടില്ല.

14.താഴെപ്പറയുന്ന ഫണ്ടുകളുടെ ACR പ്രകാരമുള്ള വരവും വാർഷികകണക്കുകളിലെ വരവും പൊരുത്തപ്പെടുന്നില്ല.

| ക്രമനമ്പർ | ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് | ACR പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക്) | 20017467 | 11156671 |
| 2 | ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 3247105 | 19467938 |
| 3 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 24178669 | 26293987 |
| 4 | വികസനഫണ്ട്(ജനറൽ) | 30199660 | 30309660 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ ഹെഡ് മാറിയതിനാലും പലിശ കൂടി അതേ ഹെഡിൽ വരവ് വെച്ചതിനാലുമാണ് വ്യത്യാസം എന്നറിയിച്ചിട്ടുണ്ട്.

15.വസ്തുനികുതിയിനത്തിൽ സഞ്ചയസോഫ്റ്റ് വെയറിലെ കണക്കുകളും വാർഷികകണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

16.ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

17.കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല
എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം വിവിധ പ്രവൃത്തികളുടെ മൂല്യമായി രൂപ കരാറുകാർക്ക് നൽകാനുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൽപ്പെടുത്തിയിട്ടില്ല.

18.പാർട്ട് ബിൽ ആയി നൽകിയ തുകയുടെ പൂർണ്ണ വിവരം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല-

19.തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

20.ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് റിസീവ്ഡ് ഇനത്തിൽ 3123613/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുകയിൽ ₹209387 ,2016-17 വർഷത്തിന് മുൻപ് വിവിധയിനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളാണെന്ന് ലഭ്യമാക്കിയ രേഖകളിൽ കാണുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതായിരുന്നു.

21.Subtreasury Account Number 799011400001674 അക്കൗണ്ടിൽ 04.01.19 ന് വന്ന ₹ 500000 ,16.03.19 ന് വന്ന ₹1420000 എന്നീ തുകകകൾ ഇനിയും ക്രഡിറ്റ് ആയതായി റീകൺസിലിയേഷനിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ ഈ തുകകൾ തെറ്റായി രണ്ടുതവണ രസീപ്റ്റ് ചെയ്തതാണ് എന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

22.എം എൻ ആർ ഇ ജി എ യ്ക്ക് നൽകിയ അഡ്വാൻസ് തുക- രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എം എൻ ആർ ഇ ജി എ യിലെ കണക്ക് പ്രകാരം എം എൻ ആർ ഇ ജി എ അഡ്വാൻസ് ഇനത്തിൽ 1987509രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ എം എൻ ആർ ഇ ജി എ അഡ്വാൻസ് ഇനത്തിൽ( അക്കൗണ്ട് ശീർഷകം 460500801) ₹1076172/- രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ.പഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർപ്രകാരം 1356005 രൂപ ബാക്കിനിൽക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04തീയതി 03.12.2022 ക്ക് സമർപ്പിച്ച മറുപടിയിൽ ഹെഡ് മാറി പോസ്റ്റ് ചെയ്തതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

23.വാർഷികകണക്കുകളിലെ ഡെപ്പോസിറ്റും രജിസ്റ്റർപ്രകാരമുള്ള ഡെപ്പോസിറ്റും പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം ഡെപ്പോസിറ്റ് ബാക്കിനിൽക്കുന്നത് ₹3123613 ഉം രജിസ്റ്റർ പ്രകാരം ബാക്കിനിൽക്കുന്നത് ₹3068107 ഉം ആണ്. ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ മറ്റുള്ള അപാകതകളും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

24(1). സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ 23.01.2021 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ വികസന ഫണ്ട് (ജനറൽ), വികസനഫണ്ട് (ടി.എസ്.പി), വികസനഫണ്ട് (എസ്.സി.പി) എന്നിവയിലെ ചെലവ് എ.സി.ആർ മായി പൊരുത്തപ്പെടുന്നില്ല.
24(2). വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
24(3). സുലേഖ ചെലവ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകളുടെ എണ്ണവും അലോക്കേഷൻ ചെലവ് വിവരങ്ങളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

## 1-12 ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയതിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്. ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഇ - ഗവേണൻസിന്റെ ഭാഗമായി ഐ.കെ.എം വികസിപ്പിച്ച സുലേഖ, സഞ്ചയ, സങ്കേതം, സൂചിക, സകർമ്മ,

സ്ഥാപന, സേവന, സാംഖ്യ, സചിത്ര ഐ.എൽ.ജി.എം.എസ്. എന്നിങ്ങനെ 10 സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ വിവിധ സോഫ്റ്റ് വെയറുകളിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ ഒറ്റ പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) എന്ന സോഫ്റ്റ് വെയർ നെന്മേനിഗ്രാമ പഞ്ചായത്തിൽ 09.09.21 മുതൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ILGMSലേക്ക് മാറുന്നതിന് മുന്നോടിയായി സാംഖ്യയിൽ Reconciliation,web Snkhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെയുള്ള നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. 01.04.2021 തീയതിയിലെ സാംഖ്യ അക്കൗണ്ടിലെ ഓപ്പണിംഗ് ബാലൻസ് ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.പഞ്ചായത്തിൽ ILGMS തുടങ്ങുന്നത് വരെയുള്ള കണക്കുകൾ തയ്യാറാക്കി Initial Balance Sheet Setting,Receipt & Payment Porting ,Income & Expenditure Porting,Balance Sheet Cross Checking എന്നീ നടപടികൾ പൂർത്തീകരിച്ചതിന്റെയോ Past Data Entry നടത്തിയതിന്റെയോ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. സേവന സോഫ്റ്റ് വെയറിലെ പെൻഷൻ വിവരങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.

4. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവുകൾ ഓൺലൈനായി പരിശോധിക്കാൻ സാധിക്കുന്നില്ല.

5. Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല.

6. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൗണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവ് വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു. കേ.പ.രാ.അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18(2) പ്രകാരം പിരിച്ചെടുക്കുന്ന തുക അന്നേ ദിവസം തന്നെ ബാങ്ക് ബുക്ക്/ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

7. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വരുന്നില്ല.IKM Gateway വഴി Bulk ആയി വരുന്ന തുകകൾ റീകൺസിലിയേഷൻ ചെയ്യാൻ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു.ഓരോ രശീത് മുഖേന പിരിക്കുന്ന തുകകൾ ആ രീതിയിൽ തന്നെ പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നെങ്കിൽ മാത്രമേ റീകൺസിലിയേഷൻ സുഗമമാകൂ.01.04.22 മുതൽ Bulk ആയി ലഭിച്ച തുകകൾ ഇതുവരെയും റീകൺസിലിയേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല.

8. പേയ്മെന്റ് ഓർഡർ ലിസ്റ്റ്,പേയ്മെന്റ് വൌച്ചർ ലിസ്റ്റ്,എന്നിവ ലഭ്യമല്ല. ഏതെങ്കിലും ഒരു മാസം നൽകിയ പേയ്മെന്റുകളുടെവിവരം അറിയുന്നതിന് പേയ്മെന്റ് വൌച്ചർ ലിസ്റ്റ് ഇല്ലാത്തതിനാൽ മാനുവൽ ഫയൽ സൂക്ഷിക്കാത്തതിനാൽ നിർവാഹമില്ല.വൌച്ചർലിസ്റ്റിൽ നിന്നും അതാത് ഫയലിലേക്ക് പോകാൻ ലിങ്ക് നൽകിയാൽ മാത്രമേ പരിശോധന നടത്താൻ കഴിയുകയുള്ളു. ILGMS പേപ്പർലെസ്സ് കൺസപ്റ്റ് ആയതിനാൽ പേയ്മെന്റ് ഓർഡർ ലിസ്റ്റ് ഇല്ലാതെ പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മാനുവൽ ലിസ്റ്റ് സൂക്ഷിക്കേണ്ടിയും വരുന്നു.

9. Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10. Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11. അക്രൂവൽ വരവിനങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

12. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ സിസ്റ്റം ജനറേറ്റഡ് അല്ല. ഡിപ്രീസിയേഷന്റെ മൂല്യം മാന്വൽ ആയി കണക്കാക്കിയാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുന്നത് എന്നതിനാൽ തെറ്റുകൾക്ക് സാധ്യത കൂടുതലാണ്.

13. ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവിധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

14.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

15. ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിച്ചു വന്നിരുന്ന വിവിധ രജിസ്റ്ററുകൾ ഡിജിറ്റൽ ഫോമിലേക്ക് മാറ്റിയിട്ടില്ല (ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസറ്റർ, ഇൻവെസ്റ്റ്മെന്റ് രജിസറ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ). ആയതിനാൽ ആയവയുടെ ഓൺലൈൻ പരിശോധന സാധ്യമല്ല.

16. സിറ്റിസൺ പോർട്ടൽ വഴി വരുന്ന സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ റിട്ടേൺ ചെയ്യാനുള്ള ഓപ്ഷൻ നിലവിലില്ല.

17.റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിനെ വരവുചെലവ് കണക്കുകളാക്കായി ആശ്രയിക്കാൻ കഴിയാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത്.പ്ലാൻ ഫണ്ടിൽ നിന്നുള്ള പദ്ധതി റവന്യൂചെലവുകളുടെ രേഖപ്പെടുത്തലുകൾമാത്രമേ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വരുന്നുള്ളൂ.തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ റവന്യൂചെലവ് വിവരങ്ങൾ 3501009999 (Other Creditors Control Account) എന്ന പേയ്മെന്റ് ഹെഡിലാണ് ചെലവ് കാണുന്നത്.കൂടാതെ തനതുഫണ്ടിന്റെ റവന്യൂചെലവ് വിവരങ്ങൾ അറിയുന്നതിന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് നോക്കേണ്ടിയും വരുന്നു.അഡ്വാൻസ് നൽകുന്നതും ലയബിലിറ്റി ഹെഡിൽനിന്നുമുള്ള പേയ്മെന്റുകളും 3501009999 ഹെഡിൽ വരുന്നതിനാൽ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വിവരങ്ങൾ ലഭ്യമല്ല.

18.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ല.

19.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.

ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ , ബാലൻസ് റിപ്പോർട്ടുകൾ ,പേഴ്സണൽ രജിസ്റ്റർ,സ്റ്റാറ്റസ് റിപ്പോർട്ട്,എന്നിവ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല.

20.തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധാനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കെട്ടിടങ്ങൾക്ക് കംപ്ലീഷൻ നൽകുന്ന മുറയ്ക്ക് ആയവയ്ക്ക് ഓൺലൈനായി നമ്പർ നൽകുന്നതിനും ടാക്സ് നിർണ്ണയിക്കുന്നതിനും നിലവിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ സംവിധാനം ഇല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫയലുകൾ മാന്വൽ ആയി കൈപ്പറ്റിയാണ് നിലവിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

22.വിവിധ വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകിയവരുടെയും പുതുക്കി നൽകിയവരുടെയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

23.തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ്, എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

24.സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

25. കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ

അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല.

26.സേവനസോഫ്റ്റ് വെയറിൽ മരണം രജിസ്റ്റർ ചെയ്യുന്നത് എവിടെയാണെങ്കിലും ആയത് ILGMS മായി ലിങ്ക് ചെയ്യപ്പെട്ടിട്ടുണ്ട്.സേവനസോഫ്റ്റ് വെയറിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആയത് പെൻഷൻ വിതരണവുമായി ഓട്ടോമാറ്റിക് ആയി ബന്ധപ്പെടേണ്ടതും പെൻഷൻ നിലക്കാനുള്ള ഓപ്ഷൻ വരേണ്ടതുമാണ്.എങ്കിൽ മാത്രമേ മരണമടഞ്ഞവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുന്ന അപാകതക്ക് പരിഹാരമാകൂ.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി.നം.6തീയതി 5.12.22 പ്രകാരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-13 ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടുകളിൽ ചുവടെ ചേർത്ത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. State Bank Of Travancore (57045673993)
2. State Bank Of Travancore (27045267608)
3. State Bank Of Travancore (67014045473)
4. State Bank Of India (67050714496)
5. State Bank Of India (57045267608)
6. State Bank Of India (67122271589)
7. District Co-operative Bank (15)
8. Other Co-operative Bank (50)
9. Urban Co-operative Bank (11853)
10. Urban Co-operative Bank (11583)
11. Other Co-operative Bank (11854)
12. Other Co-operative Bank (12727)
13. Other Co-operative Bank (12728)
14. Other Co-operative Bank (20733)
15. Other Co-operative Bank (20612)
16. Sub Treasury, Sulthan Bathery (22250219850)
17. Sub Treasury, Sulthan Bathery (8448001099503)
18. Sub Treasury, Sulthan Bathery (8448001099006)
19. Sub Treasury, Sulthan Bathery (8448001099309)
20. Sub Treasury, Sulthan Bathery (844800109203)
21. Sub Treasury, Sulthan Bathery (8448001099103)
22. Sub Treasury, Sulthan Bathery (22100219850)
23. Sub Treasury, Sulthan Bathery (22350219850)

24. Sub Treasury, Sulthan Bathery (8448001099403)

25. State Bank Of India (67095377989)

മേൽ അക്കൗണ്ടുകളിൽ ക്രമനമ്പർ 1, State Bank Of Travancore (57045673993) ന്റെ 01/12/2020 വരെയുള്ള സ്റ്റേറ്റ്മെന്റും ക്രമനമ്പർ 3, State Bank Of Travancore (67014045473) ന്റെ 01/09/2020 വരെയുള്ള സ്റ്റേറ്റ്മെന്റും ക്രമനമ്പർ 25, State Bank Of India (67095377989) ന്റെ 31/03/2020 വരെയുള്ള സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളുടെ അക്കൗണ്ട് സ്റ്റാറ്റസ് യഥാക്രമം Unclaimed, Unclaimed, Inoperative എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. State Bank Of Travancore (57045673993) ബാങ്ക് അക്കൗണ്ടിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 01/12/2020 വരെ 1642/- രൂപയും State Bank Of Travancore (67014045473) ബാങ്ക് അക്കൗണ്ടിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 01/09/2020 വരെ 87,121/- രൂപയും State Bank Of India (67095377989) ബാങ്ക് അക്കൗണ്ടിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2020 വരെ 44321/- രൂപയും അവശേഷിക്കുന്നുണ്ട്. ഹാജരാക്കാത്ത ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കുന്നതിന് നൽകിയ 06/12/2022 ലെ 08/2021-22 നമ്പർ എൻക്വയറിക്ക് നൽകിയ മറുപടിയിൽ അവശേഷിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ 2021-22 വർഷം ട്രാൻസാക്ഷൻ നടക്കാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഹാജരാക്കാത്ത എല്ലാ അക്കൗണ്ടുകളുടെയും സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് പരിശോധിക്കുകയും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് ഫീസ് - അപാകതകൾ

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

### 1-14-1 ലൈസൻസ് ഫീസ് പിരിവ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യപത്രികയും 2021-22 ലെ ലൈസൻസ് ഡി.സി.ബി രജിസ്റ്ററും പരിശോധിച്ചതിൽ നിന്ന് ഡി.സി.ബി യും വാർഷികകണക്കും പ്രകാരമുള്ള ലൈസൻസ് ഫീ പിരിവിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം | വരവ് ഇനം | ഡി.സി.ബി പ്രകാരമുള്ള വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് | വാർഷിക കണക്കിലെ വ്യത്യാസം |
|---|---|---|---|---|
| 1 | 2021-22 വർഷത്തേക്കുള്ള ഫാക്ടറി,വ്യാപാരം, സംരഭകത്വപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് | 174600/- | 211100/- | 36500/- |
| 2 | ലോഡ്ജിങ്ങ് ലൈസൻസ് ഫീ | 28,300/- | 14,300/- | -14000/- |
| 3 | പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഫീ | 300/- | 350/- | 50/- |
| 4 | പട്ടികൾക്കും പന്നികൾക്കുമുള്ള ലൈസൻസ് ഫീ | 460/- | 960/- | 500/- |
| 5 | ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് ഫീ | 400/- | 30/- | -370/- |

ഇതു കൂടാതെ ഫാക്ടറി, വ്യാപാരം, സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഡിമാന്റ്

വാർഷിക കണക്ക് പ്രകാരം 344,800/- രൂപയും ഡി.സി.ബി പ്രകാരം 174600/-രൂപയുമാണ്. ലൈസൻസ് ഫീസ് വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 08/12/2022 ലെ 10/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഫാക്ടറി, വ്യാപാരം, സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഡിമാന്റിൽ വ്യത്യാസം വരുവാനുള്ള കാരണം ഡിമാന്റ് ജനറേറ്റ് ചെയ്യുന്ന സമയത്ത് ഹെഡ് മാറി ഡിമാന്റ് അംഗീകരിച്ചതു കാരണമാണെന്നും ആയത് ILGMS ഓപ്പറേറ്റ് ചെയ്യുന്നതിലുള്ള അജ്ഞത കാരണമുണ്ടായ പിഴവാണെന്നും എന്നാൽ തുടർന്ന് ഡിമാന്റ് ജനറേറ്റ് ചെയ്യുന്ന സമയത്ത് അതത് ഹെഡുകൾക്ക് പ്രാധാന്യം നൽകിയാണ് ഡിമാന്റുകൾ അംഗീകരിച്ചുകൊണ്ടിരിക്കുന്നതെന്നും പഞ്ചായത്തിന്റെ ആകെയുള്ള വരവിനെ ആയത് ബാധിച്ചിട്ടില്ലെന്ന് ബോധ്യമുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-2 തൻവർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവ്

2020-21 സാമ്പത്തിക വർഷത്തിലെ ഫാക്ടറി,വ്യാപാരം ,സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 628 സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ രജിസ്റ്റർ പരിശോധിച്ചപ്പോൾ 501 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീസ് അടവാക്കിയത്. ലൈസൻസ് ഫീസ് അടവാക്കാത്ത 127 സ്ഥാപനങ്ങളുടെ വിവരങ്ങളും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കുന്നതിന് നൽകിയ 08/12/2022 ലെ 10/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലത്തെ സാമ്പത്തികമാന്ദ്യം നിമിത്തം ധാരാളം സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയിട്ടുള്ളതാണെന്നും കഴിഞ്ഞ വർഷത്തേക്കാൾ അധികം തുക ലൈസൻസ് ഫീസായി ലഭിച്ചിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം വാണിജ്യപരമായ സ്ഥാപനങ്ങളുടെ കെട്ടിടനമ്പർ ശ്രദ്ധിച്ച് ആയതിന്റെ പ്രവർത്തനം പരിശോധിച്ച് ലൈസൻസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള New Building Register പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ വാണിജ്യാവശ്യത്തിനുള്ള 55 പുതിയ കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ പുതിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും നടത്തുന്നില്ല. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നത് ഗുരുതരമായി കാണേണ്ടതാണ്. ലൈസൻസ് ഫീസിൽ നിന്നുള്ള വരുമാനച്ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് അടവാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-3 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് കണ്ടെത്താനായില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ്)എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-1, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ കടകളുടെയും പ്രസ്തുത റേഷൻ കടകൾ ലൈസൻസ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ 08/12/2022 ലെ 10/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ റേഷൻ കടകൾക്ക് ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് പലതവണ കത്തുകൾ നൽകുകയും കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മറ്റിയുടെയും അതാത് വാർഡ് മെമ്പർമാരുടെയും സഹകരണത്തോടു കൂടി റേഷൻ കടക്കാരെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-4 റിസോർട്ടുകളിൽ നിന്നും ലോഡ്ജിംഗ് ലൈസൻസ് ഫീസ് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറും ലൈസൻസ് ഫീസ് രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന റിസോർട്ട് ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ ,കെട്ടിട നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ജോയി കെ.സി | 3, 643/A |
| 2 | ജയനി ബെഞ്ചമിൻ | 4, 177/A |
| 3 | ഇബ്രാഹിം, ഷാഹുൽ ഹമീദ്, ഇസ്മായിൽ | 23, 65A മുതൽ F വരെ |

മേൽ പട്ടികയിലെ കെട്ടിട ഉടമകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 08/12/2022 ലെ 10/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കോവിഡ് കാലയളവിന് ശേഷം റിസോർട്ട് ഉടമകൾ തങ്ങളുടെ റിസോർട്ട് പ്രവർത്തനക്ഷമതയെ കുറിച്ച് പരാതി നൽകിയിരുന്നതിനാലാണ് ടി റിസോർട്ടുകളുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്താതിരുന്നതെന്നും റിസോർട്ട് ഉടമകളുമായി ടെലിഫോണിൽ ബന്ധപ്പെടുന്നതിനും തുടർ നടപടികൾ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിലുള്ള റിസോർട്ട് ഉടമകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

നെന്മേനി ഗ്രാമപഞ്ചായത്തിലെ 2021-22 ലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന അപാകതകൾ കാണുകയുണ്ടായി.

### 1-15-1 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം പെർമിറ്റ് അപേക്ഷയോ, ഈ ചട്ടങ്ങൾ പ്രകാരമോ ബൈലോകൾ പ്രകാരമോ ആവശ്യമായ എന്തെങ്കിലും വിവരമോ രേഖയോ അധികവിവരമോ അധികരേഖയോ ലഭ്യമായ തീയതി മുതൽ മുപ്പത് ദിവസത്തിനകം സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവിനാൽ അനുമതി നൽകുകയോ ചട്ടം 11 ലെ ഏതെങ്കിലും കാരണത്താൽ അനുമതി നിഷേധിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ് (2020 ലെ ഭേദഗതി പ്രകാരം 'ചട്ടം 12 പ്രകാരം സൈറ്റ് അംഗീകരിക്കുന്നത് വരെ മുപ്പത് ദിവസം എന്ന കാലയളവ് ആരംഭിക്കുന്നതല്ല' എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്). കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9 ലെ ഉപചട്ടം 6 പ്രകാരം ഏതെങ്കിലും പ്ലാനിലോ ഡ്രോയിംഗിലോ സ്പെസിഫിക്കേഷനിലോ മാറ്റം ആവശ്യമാണെങ്കിലോ, ചട്ടങ്ങൾ പ്രകാരം തീരുമാനമെടുക്കുവാൻ പുതിയ പ്ലാൻ ആവശ്യമുണ്ടെങ്കിലോ ആയത് രേഖാമൂലം അപേക്ഷ/പ്ലാൻ/രേഖ/വിവരം ലഭിച്ച് പത്ത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്. നെന്മേനി ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ | അപേക്ഷ തീയതി | അപേക്ഷകന് രേഖാമൂലം ആദ്യമായി അറിയിപ്പ് നൽകിയ തീയതി | പെർമിറ്റ് നമ്പർ | പെർമിറ്റ് തീയതി |
|---|---|---|---|---|---|---|
| 1 | ഷാജൻ, മൂലൻ ഹൗസ്, കുന്താണി | A3/3845/2021 | 12/04/2021 | - | A3-BA(171931)/2021 | 09/08/2021 |
| 2 | പോൾസൺ, കിഴക്കേടത്ത് വീട്, ചുള്ളിയോട് | A3/4589/2021 | 07/06/2021 | - | A3-BA(334850)/2021 | 27/12/2021 |
| 3 | പ്രജിത്ത് എം.എസ്, മുരിയംകണ്ടത്തിൽ വീട്, ചെറുമാട് | A3/4053/2021 | 20/04/2021 | - | A3-BA(222066)/2021 | 30/09/2021 |

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസം വന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 09/12/2022 ലെ 15/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15-2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ഫയൽ കൈമാറിയതിന്റെ വിവരങ്ങളും അപേക്ഷകന് നൽകിയ കത്തിടപാടുകളുടെ വിവരങ്ങളും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 09/12/2022 ലെ 15/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും രജിസ്റ്റർ പരിശോധന സുഗമമാക്കുന്നതിനും രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യപത്രികയും 2021-22 ലെ വാടക രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ. ഡിമാന്റും കളക്ഷനും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല .

വാടക രജിസ്റ്ററും വാർഷികകണക്കും പ്രകാരമുള്ള വാടക പിരിവിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഡിമാന്റ്/ കളക്ഷൻ | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വാർഷിക കണക്കിലെ വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 760926/- | 728426/- | -32500/- |
| കളക്ഷൻ | 690126/- | 684253/- | -5873/- |

വാടക പിരിവ് വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 08/12/2022 ലെ 09/2021-22 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കിൽ ചേർക്കാത്തതിനാലുള്ള നഷ്ടമായി കണക്കാക്കി 32500/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ബി. വാർഷിക ധനകാര്യപത്രിക പ്രകാരം ഡിമാന്റ് മുൻവർഷത്തേക്കാൾ കുറ ഞ്ഞു

ഗ്രാമപഞ്ചായത്തിലെ വാർഷികധനകാര്യപത്രിക പ്രകാരം 2021-22 വർഷത്തെ ഡിമാന്റ് മുൻവർഷത്തേതിനേക്കാൾ കുറവായി കാണുന്നു. 2020-21 വർഷം കെട്ടിടങ്ങളുടെ വാടകയിനത്തിൽ ഡിമാന്റ് 756,800/- യും 2021-22 വർഷം ഡിമാന്റ് 728426/- രൂപയും ഇവ തമ്മിലെ വ്യത്യാസം 28,374/- രൂപയുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ 12/12/2022 ലെ 20/2021-22 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ 2 മാസത്തെ വാടക വീതം എല്ലാ കടമുറികൾക്കും ഒഴിവ് ചെയ്തതിനാലാണ് 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റായ 756800/- രൂപയിൽ നിന്നും 728426/- രൂപയായി കുറയാൻ ഇടയായതെന്നും 2022-23 സാമ്പത്തിക വർഷത്തിൽ ആയത് ഈടാക്കി വരുന്നുണ്ടെന്നുമാണ് മറുപടി. മറുപടി തൃപ്തികരമല്ല. 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ വാടക ഒഴിവ് ചെയ്തത് 2021-22 സാമ്പത്തിക വർഷത്തിലെ കെട്ടിടങ്ങളുടെ വാടകയിലെ ഡിമാന്റിൽ കുറവ് വരുത്തുന്നതെങ്ങനെയെന്ന് വ്യക്തമല്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിട്ടില്ല.

1)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിട്ടില്ല.

നെൻമേനി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2021-22 വർഷത്തിൽ കരാർ പ്രവൃത്തികളിലേർപ്പെട്ട കരാറുകാരുടെ പേരുവിവരങ്ങൾ, അസി.എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം, പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | ഈടാക്കാമായിരുന്ന നികുതി |
|---|---|---|

| | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | രാജൻ.കെ.ആർ, ചീരാൽ | 1250 | 1250 |
| 2 | ജാബിർ.കെ, തൊവരിമല | 1250 | 1250 |
| 3 | കെ.റസാഖ്, കോളിയാടി | 1250 | 1250 |
| 4 | അനുരാഗ് രാജ്, വാകേരി | 1250 | 1250 |
| 5 | മോഹനൻ.പി.എസ്, അമ്മായിപ്പാലം | 1250 | 1250 |
| 6 | കുഞ്ഞുമുഹമ്മദ്.സി.എ, പുത്തൻകുന്ന് | 1250 | 1250 |
| 7 | മനു.പി.എം, കളത്തുവയൽ, അമ്പലവയൽ | 1250 | 1250 |
| 8 | പി.ആർ.ശിവരാജൻ, പുത്തൻകുന്ന് | 1250 | 1250 |
| 9 | കെ.എം.അസീസ്, ചുള്ളിയോട് | 1250 | 1250 |
| 10 | ഉണ്ണികൃഷ്ണൻ.വി, വട്ടുവഞ്ചാൽ | 1250 | 1250 |
| 11 | സതീഷ്.പി.ബി, വട്ടുവഞ്ചാൽ | 1250 | 1250 |
| 12 | സി.കെ.മത്തായി, കൊളഗപ്പാറ | 1250 | 1250 |
| 13 | അനുമോദ്കുമാർ.എ.എ, വലവയൽ | 1250 | 1250 |
| 14 | എം.എൻ.ഷിബുകുമാർ, സു.ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി | 1250 | 1250 |
| 15 | ശിവദാസൻ.കെ, പൂതിക്കാട്, ബത്തേരി | 1250 | 1250 |
| 16 | അനീഷ്കുമാർ.എം.കെ, ചുള്ളിയോട് | 1250 | 1250 |
| 17 | ഷംസുദ്ദീൻ.കെ, കാക്കവയൽ | 1250 | 1250 |
| 18 | സുരേഷ് മണി, ബീനാച്ചി | 1250 | 1250 |
| 19 | സുനിൽ.എം.എം, പൂമല | 1250 | 1250 |
| 20 | രജീഷ് കുമാർ.എം.ബി, കേണിച്ചിറ | 1250 | 1250 |
| 21 | ബിജേഷ്.ടി.ബി, പാപ്ലശ്ശേരി | 1250 | 1250 |
| 22 | അജി.ടി.എസ്, മീനങ്ങാടി | 1250 | 1250 |

| | | | |
|---|---|---|---|
| 23 | ഷിബു.എ.ബി, കൊളഗപ്പാറ | 1250 | 1250 |
| 24 | അബ്ദുൾ നാസർ, കോളിയാടി | 1250 | 1250 |
| 25 | മഹേഷ്.കെ.ആർ, നമ്പ്യാർകുന്ന് | 1250 | 1250 |
| 26 | അജേഷ്.കെ.കെ, ആലപ്പുഴ | 1250 | 1250 |
| 27 | കെ.മുഹമ്മദലി, തൊവരിമലി, മലവയൽ | 1250 | 1250 |
| 28 | ബേസിൽ മാത്യു, കൊളഗപ്പാറ | 1250 | 1250 |
| 29 | മനോജ്.പി.ജി, നൂൽപ്പുഴ | 1250 | 1250 |
| 30 | നിഷാദ്.കെ.കെ, ചീരാൽ | 1250 | 1250 |
| 31 | റഷീദ്.പി.കെ, താഴത്തൂർ | 1250 | 1250 |
| | ആകെ | 38750 | 38750 |

2)ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

നെൻമേനി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24&25/21-22/1212.22) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്

1-18 വസ്തു നികുതി - വിജ്ഞാപനം ലഭ്യമാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത്പ്രമേയം മൂലം ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. അതു പ്രകാരം, നെൻമേനി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനം ലഭ്യമാക്കേണ്ടതാണ്, എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/21-22 /12.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-19 വസ്തു നികുതി- വാർഷിക കണക്കുമായി യോജിക്കുന്നില്ല.

നെൻമേനി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ, കറന്റ് ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം(₹) | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|---|
| 1 | വസ്തു നികുതി അരിയർഡിമാന്റ് | 9,82,376.00 (B-15 20-21) | 9,99,329.00 | 16,953.00 |
| 2 | വസ്തു നികുതി കറന്റ്ഡിമാന്റ് | 66,61,147.00 | 66,68,633.00 | 7,486.00 |
| 3 | വസ്തു നികുതി അരിയർ കളക്ഷൻ | 5,31,520.00 | 5,98,873.00 | 67,353.00 |
| 4 | വസ്തു നികുതി കറന്റ് കളക്ഷൻ | 55,51,626.00 | 59,52,603.00 | 4,00,977.00 |
| 5 | വസ്തു നികുതി തൻവർഷ അഡ്വാൻസ് കളക്ഷൻ | (RP 35) 1,225.00 | 7,412.00 | 6,187.00 |
| 6 | വസ്തു നികുതി മുൻവർഷങ്ങളിൽ ലഭിച്ച അഡ്വാൻസ് കളക്ഷൻ തൻവർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്തത് | 0 | 98,616.00 | 98,616.00 |
| 7 | വസ്തു നികുതി അരിയർ ബാക്കി | 3,93,507.00 | 4,01,926.00 | 8,419.00 |
| 8 | വസ്തു നികുതി കറന്റ് ബാക്കി | 6,05,820.00 | 1,48,004.00 | 4,57,816.00 |
| 9 | വസ്തു നികുതി അഡ്വാൻസ് കളക്ഷൻ ബാക്കി | 7,298.00 | 17,01,335.00 | 16,94,037.00 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്, എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.03/21-22/01.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുമായി പൊരുത്തമില്ലാത്ത കണക്കുകൾ സൂക്ഷിക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് വഴി പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാനിടയാകുന്നു. ഈ കാര്യം പരിശോധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുത്തിട്ടില്ല.

നെന്മേനി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ, വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | വസ്തു നികുതി കുടിശ്ശിക ബാക്കി (വാർഷിക കണക്ക് പ്രകാരം) (₹) | വസ്തു നികുതി കുടിശ്ശിക ബാക്കി (ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം) (₹) | വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും ആയുള്ള വ്യത്യാസം (₹) |
|---|---|---|---|
| വസ്തു നികുതി കുടിശ്ശിക (കറന്റ്) | 6,05,820.00 | 6,17,102.00 | 11,282.00 |
| വസ്തു നികുതി കുടിശ്ശിക (അരിയർ) | 3,93,507.00 | 4,01,926.00 | 8,419.00 |
| ആകെ | 9,99,327.00 | 10,19,028.00 | 19,701.00 |

ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 10,19,028.00 രൂപ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കും അരിയർ ഡിമാന്റ് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/21-22/12.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശിക മുഴുവൻ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പദ്ധതികളുടെ നിർവഹണം -അപാകതകൾ

നെന്മേനി ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ പദ്ധതികളുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 156 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 130 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ആസൂത്രണ സമിതി അധികൃതരുടെയും സമയവും മനുഷ്യവിഭവശേഷിയും ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന് ലഭ്യമാകേണ്ട മുഴുവൻ തുകയും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

2.മുൻവർഷത്തെ പദ്ധതികളുടെ ആസൂത്രണത്തിലെ പോരായ്മകൾ / നേട്ടങ്ങൾ കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

3. വർക്കിംഗ് ഗ്രൂപ്പിൽ 17 പദ്ധതികൾ മാത്രമാണ് ശുപാർശ ചെയ്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാത്ത പദ്ധതികളാണ് നടപ്പാക്കിയത്

5.റോഡ് കണക്റ്റിവിറ്റി ഭൂപടവും, റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7. അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.എല്ലാ പ്രവൃത്തികളുടെ ഫയലിലും പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷമുള്ള ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

9.കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നതിനാൽ ആസ്തികൾ നിഷ്ക്രിയമാകുന്ന രീതി നിലവിലും തുടരുന്നു.

10.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്തതായി വർക്കിംഗ് ഗ്രൂപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 11/21-22തീയതി 09.12.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയറുടെ പേരിൽ,എസ്.ബി.ഐ ചുള്ളിയോട് ബ്രാഞ്ചിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പ്ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്കിൽ ഇത് സംബന്ധിച്ച കൃത്യമായി രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2022 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No. 67077587127,<br>എസ്.ബി.ഐ ചുള്ളിയോട് ബ്രാഞ്ച് | ₹293349/ |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി.നം. 12/21-22 തീയതി 09.12,22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ടിലെ തുക എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്നുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അനാവശ്യമായി ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന തുക തിരികെ അടച്ച് അറിയിക്കേണ്ടതാണ്.

## 1-23 പൊതു ടോയ്‌ലറ്റും, ടേക്ക് എ-ബ്രേക്ക് വിശ്രമകേന്ദ്രവും - കെട്ടിടം ഉപയോഗക്ഷമമായില്ല.

ഗ്രാമപഞ്ചായത്ത് 2021-22വർഷം പണിതീർത്ത കെട്ടിടം നാളിതുവരെയും ഉപയോഗക്ഷമമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-438/21

പ്രോജക്ട്-ചുള്ളിയോട് ടൗണിൽ പൊതുടോയ് ലെറ്റും ടേക്ക് എ.ബ്രേക്ക് വിശ്രമകേന്ദ്രവും.

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്-600000

ശുചിത്വമിഷൻ ഗ്രാന്റ് -700000

അടങ്കൽ-1300000

നിർവഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവഴിച്ച തുക-₹1221509/-

വൌച്ചർനമ്പർ -34/21 – 22/31.12.21 -600000

വൌച്ചർ നമ്പർ-103/21-22/11.03.22-170180

വൌച്ചർനമ്പർ 141/21 -22/31.03.22-319820

വൌച്ചർ നമ്പർ-142/21-22/31.03.22 -131509

പണിതീർത്ത കെട്ടിടം നാളിതവരെയും പൊതുജനങ്ങൾക്ക് ഉറന്നുകൊടുത്തിട്ടില്ല. വൈദ്യുതീകരണവും വാട്ടർകണക്ഷനും ആകാത്തതിനാലാണ് ഉറന്നുകൊടുക്കാത്തത് എന്നാണ് കാണുന്നത്.ഓഡിറ്റ് എൻക്വയറി.നം. 14/21-22 തീയതി 09.12.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. കെട്ടിടത്തിന് വേണ്ട അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ നല്കൽ-ഗുണഭോക്താവ് കൈപ്പറ്റിയതായി രേഖയില്ല

പ്രോജക്ട് നമ്പർ-57/21-22

പ്രോജക്ട് -വയോജനങ്ങൾക്ക് കട്ടിൽ വിതരണം പട്ടികവർഗ്ഗം

അടങ്കൽ- 495900 /-

ചെലവ്- 461044/-

ഫണ്ട്-ടി.എസ്.പി

ബിൽ നമ്പർ-7/23-3-2022=374055/-

ബിൽ നമ്പർ-8/30-3-2022=39145/-

ബിൽ നമ്പർ-9/30-3-2022=47844

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികവർഗ്ഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുക എന്ന പദ്ധതിയനുസരിച്ച് കാസ്കോയിൽ നിന്ന് ഒരു കട്ടിലിന് 4349.48/-രൂപ തോതിൽ 106 കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളോ അവർ ചുമതലപ്പെടുത്തിയ ആളുകളോ നേരിട്ട് കട്ടിൽ കൈപ്പറ്റിയതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവ് | വാർഡ് |
|---|---|---|
| 1 | മീനാക്ഷി നീലമാങ്ങാ കോളനി | 2 |
| 2 | കുള്ളൻ വലിയമൂലകോളനി | 2 |
| 3 | ചണ്ണ ഗോവിന്ദൻ മൂല കോളനി | 2 |
| 4 | ശീലാവതി | 2 |
| 5 | ശീലാവതി മലങ്കര വയൽ | 3 |
| 6 | ചണ്ണ കെ.മലങ്കര വയൽ | 3 |
| 7 | കറപ്പൻ മലവയൽ കോളനി | 3 |
| 8 | ഗോവിന്ദൻ തോടുവെട്ടി | 1 |

| | | |
|---|---|---|
| 9 | തമ്പി തോട്ടുവെട്ടി | 1 |

രശീതിൽ കൈപ്പറ്റിയ ഗുണഭോക്താക്കളുമായി ബന്ധമുള്ളതാണെന്ന് തെളിയിക്കുന്ന രേഖയോ ഗുണഭോക്താവ് ഇവരെ ചുമതലപ്പെടുത്തിയതായുള്ള വിവരങ്ങളോ ഫയലിൽ ഇല്ല. അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന 16ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ കൈപ്പറ്റാത്ത 9 കട്ടിലിന്റെ വിലയായ 39145.32 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 പദ്ധതികൾ മോണിട്ടറിങ്ങ് നടത്തുന്നില്ല

സ.ഉ.(കൈ) നം.11/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 29-1-2018 പ്രകാരമുള്ള 13ാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖയിലെ വർക്കിങ്ങ് ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് ഖണ്ഡിക 3.12 ബി.(4) പ്രകാരം വർക്കിങ്ങ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക,ക്രോഡീകരിക്കുക,അപഗ്രഥിക്കുക എന്ന ചുമതലയുണ്ട്. 3.12(സി)പ്രകാരം മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം 4 ലും തൻവർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം 5 ലും തയ്യാറാക്കി അവസ്ഥാരേഖയുടെയും ഭാഗമാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പ്രോജക്ടുകൾ തയ്യാറാക്കലുമായി ബന്ധപ്പെട്ട 3.5(13)പ്രകാരം പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചുമതലയാണ് .നെന്മേനി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി,പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ 2017-18 മുതൽ 2021-22 വരെ 135 ലാപ് ടോപ്പുകൾ നല്കിയതിന് വികസനഫണ്ട് ടി.എസ്.പി,എസ്.സി.പി ഫണ്ടിൽ നിന്ന് 3701650/- രൂപ ചെലവ് വന്നിട്ടുണ്ട്.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ വിതരണം ചെയ്യുക എന്ന പ്രോജക്ടിന്റെ ലക്ഷ്യം നവമാദ്ധ്യമങ്ങളുടെ സഹായത്തോടെ പഠനമികവ് മെച്ചപ്പെടുത്തി മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കുക വഴി സമൂഹത്തിന്റെ പൊതുധാരയിലേക്ക് വരിക എന്നതാണ്.എന്നാൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് ലാപ് ടോപ്പ് നല്കപ്പെട്ടവർക്ക് എത്ര പേർക്ക് പദ്ധതി മൂലം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് അധികൃതരുടെ പക്കലില്ല.വർഷം തോറും ഫണ്ട് ചെലവഴിക്കുക എന്ന ലക്ഷ്യത്തിനുപരി ആയതിന്റെ ഫലപ്രാപ്തിയിലേക്ക് വർക്കിങ്ങ് ഗ്രൂപ്പിന്റെ നിരീക്ഷണം പോകുന്നില്ല.പദ്ധതിയുടെ മോണിട്ടറിങ്ങും സോഷ്യൽ ഓഡിറ്റും അതത് വർക്കിങ്ങ് ഗ്രൂപ്പുകൾ ചെയ്യണമെന്ന് ഖണ്ഡിക 13-1 നിഷ്കർഷിക്കുന്നു.അതിനായി പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും,മോണിട്ടറിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.ഈ പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കപ്പെട്ട എല്ലാ പദ്ധതികളും ഇത്തരത്തിൽ നിരീക്ഷണവിധേയമാക്കിയിട്ടില്ലെന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.മേൽ അപാകതയുമായി ബന്ധപ്പെട്ട് നല്കിയ 17ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 1-26 സായാഹ്ന ഓ.പി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ-27/21-22

പ്രോജക്ട് -ആശുപത്രികളിൽ ഡോക്ടർ ,ലാബ്ടെക്നീഷ്യൻ,ഫാർമസിസ്റ്റ്

അടങ്കൽ- 1000000 /-

ചെലവ്- 981540/-

ഫണ്ട്-തനത്ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സായാഹ്ന ഓ പിയിൽ ഡോക്ടർ,ഫാർമസിസ്റ്റ്,ലാബ് ടെക്നീഷ്യൻ എന്നിവർക്ക് ശമ്പള ഇനത്തിൽ താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ബിൽനം/തിയ്യതി | തുക |
|---|---|
| 40/29-6-21 | 261110 |
| 66/6-8-21 | 98820 |

| | |
|---|---|
| 88/27-8-21 | 92870 |
| 132/21-10-21 | 162550 |
| 168/21-11-21 | 92020 |
| 202/23-12-21 | 83330 |
| 66/6-8-21 | 98820 |
| 304/15-2-22 | 92020 |
| ആകെ | 981540 |

പ്രോജക്ട് ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സായാഹ്ന ഒപിയിലേക്കായി നിയമിക്കപ്പെട്ട ജീവനക്കാരുടെ നിയമന ഫയൽ ഹാജരാക്കിയില്ല.

2.അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജരായ ദിവസത്തിനനുസൃതമായിട്ടാണോ വേതനം നല്കിയത് എന്നതിന് വ്യക്തതയില്ല.

3.ഹാജർ പുസ്തകം ദിവസത്തിലും, മാസത്തിലും മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.മൂന്ന മാസങ്ങളിൽ മാത്രമാണ് ഒ പി പ്രവർത്തിച്ചത് 4/21,6/21,3/22. മേൽ മാസങ്ങളിൽ ഉള്ള തിയ്യതികളിൽ വന്ന രോഗികളുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | തിയ്യതി | വന്ന രോഗികൾ |
|---|---|---|
| 4/21 | 16.04.2021 | 04 |
| | 17.04.2021 | 02 |
| | 19.04.2021 | 01 |
| | 20.04.2021 | 08 |
| | 21.04.2021 | 01 |
| | 22.04.2021 | 07 |
| | 23.04.2021 | 03 |
| | ആകെ | 26 |
| 6/12 | 07.06.2021 | 02 |
| | 09.06.2021 | 03 |
| | ആകെ | 05 |
| 3/22 | 17.03.2022 | 15 |
| | 18.03.2022 | 09 |
| | 21.03.2022 | 09 |
| | 22.03.2022 | 18 |
| | 23.03.2022 | 10 |
| | 24.03.2022 | 16 |
| | 29.03.2022 | 03 |
| | 30.03.2022 | 14 |
| | ആകെ | 94 |

5. ഒ.പി.രജിസ്റ്റർ പരിശോധനയിൽ 125 ദിവസം മാത്രമാണ് സായാഹ്ന ഒ പി പ്രവർത്തിച്ചിട്ടുള്ളത്. ഇത്രയും ചെറിയ

കാലയളവിൽ സേവനം നടത്തിയതിനാണ് തനതുഫണ്ടിൽ നിന്ന് ഈ വലിയ തുക ചെലവഴിച്ചത്. ഈ ജീവനക്കാരെ രാവിലെയുള്ള ഒ.പിയിലേക്ക് നിയോഗിച്ചിരുന്നു എന്ന് പി.എച്ച്.സിയിലെ ജീവനക്കാർ ഓഡിറ്റിൽ വിശദീകരിക്കുയുണ്ടായി. എന്നാൽ എച്ച്.എം.സി.മിനിട്സ് രജിസ്റ്ററിലോ,ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സിലോ രേഖപ്പെടുത്തിയില്ല.

6. 24-4-2021,23-9-2021,21-2-2021 തിയ്യതികളിൽ മാത്രമാണ് എച്ച്.എം.സി യോഗം ചേർന്നത്.

മേൽ വിവരങ്ങളിൽ നിന്ന് സായഹ്ന ഒ.പി ജനങ്ങൾക്ക് ഫലപ്രദമായില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നിരുന്നാലും മേൽ ആരോഗ്യ പ്രവർത്തകരെ പ്രഭാത ഒ.പിയിലേക്ക് മാറ്റിയെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളിലേക്ക് ഓഡിറ്റ് കടക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ.വിഹിതം-ധനവിനിയോഗസാക്ഷ്യപത്രത്തിൽ വൈരുദ്ധ്യം

പ്രോജക്റ്റ് നമ്പർ-82/21-22

പ്രോജക്റ്റ് -എസ്.എസ്.കെ വിഹിതം

അടങ്കൽ- 2000000 /-

ചെലവ്- 2000000/-

ഫണ്ട്-പൊതുവിഭാഗം

ബിൽ നമ്പർ-5/13-7-2021

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി സമഗ്രശിക്ഷ കേരള(എസ്.എസ്.കെ)ക്ക് 2000000/-രൂപ നല്കിയിട്ടുണ്ട്.നല്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി സെക്രട്ടറി 30-5-2022 ൽ എ4-6210/17 കത്ത് മുഖാന്തിരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പതിനഞ്ച് ഇനങ്ങളിലായി തുക ചെലവഴിക്കപ്പെട്ടുവെന്ന് കാണിച്ച് ധനവിനിയോഗ സാക്ഷ്യപത്രം നല്കി.ആയതിന്റെ വിശദവിവരങ്ങൾ താഴെപ്പറയുന്നു.

*കൊഴിഞ്ഞുപോയ കുട്ടികൾക്കു വേണ്ടിയുള്ള തുടർ പഠന പ്രവർത്തനങ്ങൾ

*ഗവർമെന്റ് വിദ്യാലയങ്ങൾക്കുള്ള വാർഷിക ഗ്രാന്റുകൾ

*സൗജന്യ യൂണിഫോം

*സൗജന്യ പാഠപുസ്തകം

*പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സർവ്വേ,മെഡിക്കൽ ക്യാമ്പ്,ഉപകരണ വിതരണം, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം,പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, യാത്രാ അലവൻസുകൾ,എസ്കോർട്ട് അലവൻസുകൾ,ഹോസ്റ്റൽ അലവൻസുകൾ തുടങ്ങിയവ

*പി.ഇ.സി.മീറ്റിങ്ങുകൾ

*സിവിൽ വർക്കുകൾ

* മേജർ റിപ്പയർ

* പഠന പോഷണ പരിപാടികൾ

*അദ്ധ്യാപക പരിശീലനം

* വിദൂര സ്ഥലങ്ങളിൽ നിന്നും വിദ്യാലയത്തിലെത്തുന്ന കുട്ടികൾക്കുള്ള യാത്രാ അലവൻസുകൾ

*പ്രീ പ്രൈമറികൾക്കുള്ള ഗ്രാന്റുകളും പ്രീ പ്രൈമറി അദ്ധ്യാപക പരിശീലനവും

* ബി.ആർ.സികളുടെ പ്രവർത്തനം

*സി.ആർ.സി.കളുടെ പ്രവർത്തനം

*ജില്ലാ ഓഫീസുകളുടെ പ്രവർത്തനം

ഇത് കൂടാതെ ചെലവുകളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റസീപ്റ്റ് ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നല്കിയിട്ടുണ്ട്.പ്രസ്തുത വിവരങ്ങളും മേൽ പതിനഞ്ച് ഇനങ്ങളിലായിട്ടുള്ള ഇനങ്ങളും തമ്മിലുള്ള താരതമ്യപഠനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

* റസീപ്റ്റ് ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ 7 പേർക്ക് സെൽഫ് ഡിഫൻസ് പരിശീലനത്തിനായി 35000 രൂപ വകയിരുത്തിയതിൽ 14000രൂപയാണ് പഞ്ചായത്തിന്റെ വിഹിതമായി നല്കിയത് ഉൾപ്പെടുത്തിയെങ്കിലും ആയത് മേൽ സൂചിപ്പിച്ച പതിനഞ്ച് ഇനങ്ങളിൽ ഉൾപ്പെടുന്നില്ല.കൂടാതെ ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കിയ 2000000/-രൂപ ഒരു വർഷത്തിനുള്ളിൽ ചെലവഴിച്ചുവെന്ന് സാക്ഷ്യപത്രം നല്കിയത് ഇനം സഹിതം വിശദീകരിക്കപ്പെട്ടിട്ടില്ല. ഏതൊക്കെ സ്കൂളുകളിൽ ഈ തുക ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു എന്നതിന്റെ വിവരങ്ങൾ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി അന്വേഷണവിധേയമാക്കിയില്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 50ം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. ഈ വിഷയങ്ങൾ വിദ്യാഭ്യാസ വർക്കിംങ് ഗ്രൂപ്പ് നിരീക്ഷണ വിധേയമാക്കേണ്ടതാണ്.

## 1-28 പൊതുടാപ്പുകൾക്ക് വെള്ളക്കരം അടക്കൽ -സംയുക്തപരിശോധന നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ-8/21-22

പ്രോജക്ട് -പൊതുടാപ്പുകൾക്ക് വെള്ളക്കരം അടക്കൽ

അടങ്കൽ- 367500 /-

ചെലവ്- 367500/-

ഫണ്ട്-തനതുഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ക്രമ.നം | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 101/14-9-2021 | 109811 |
| 2 | 171/22-11-2021 | 122500 |
| 3 | 422/19-3-2022 | 135189 |
| | ആകെ | 367500 |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾക്ക് വാട്ടർഅതോറിറ്റി പൊതുടാപ്പിന് ഈടാക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം 437.50 രൂപ പ്രകാരം 66 ടാപ്പുകൾക്ക് 2021 ഫെബ്രുവരി മുതൽ ഫെബ്രുവരി 2022 വരെയുള്ള മാസങ്ങളിലെ നിരക്ക് നെന്മേനി ശുദ്ധജലവിതരണസൊസൈറ്റിക്ക് വെള്ളക്കരം അടയ്ക്കുന്നതിനാണ് പ്രോജക്ട്.സൊസൈറ്റിയുടെ താഴെപ്പറയുന്ന നമ്പരുകളിലുള്ള നോട്ടീസ് മുഖാന്തിരം ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ഡിമാന്റ് നോട്ടീസ് നമ്പർ /തിയ്യതി | കാലയളവ് | തുക |
|---|---|---|
| Ref.no. NSJVS/12332/21 തിയ്യതി28-6-2021 | 2021 മാർച്ച് മുതൽ 2021 ജൂൺ വരെ | 122500/- |
| Ref.no. NSJVS/12838/21 തിയ്യതി2-11-2021 | 2021 ജൂലൈ മുതൽ 2021 ഒക്ടോബർ വരെ | 122500/- |

| | | |
|---|---|---|
| Ref.no. NSJVS/12838/21 തിയ്യതി 14-3-2022 | 2021 ഒക്ടോബർ മുതൽ മാർച്ച് വരെ | 153125/- |
| | ആകെ | 398125/- |

മേൽ ഡിമാന്റ് നോട്ടീസ് ലഭിച്ചതിൻ പ്രകാരം മേൽ ബില്ലുകളിലായി 367500/- രൂപ തനതുഫണ്ടിൽ നിന്ന് അടച്ചു. എന്നാൽ സൊസൈറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയ റിപ്പോർട്ട് ഇല്ല. ആയതിനാൽ അടച്ച തുക ടാപ്പുകൾക്ക് അനുസൃതമായിട്ടാണോ എന്ന് കൃത്യതയില്ല, കൂടാതെ ജലനിധി നിലവിലുള്ള സ്ഥലങ്ങളിൽ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-29 വിവിധ ഏജൻസികൾക്ക് തുക നല്കിയത് -വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

| പ്രോജക്ട് വിവരങ്ങൾ | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|
| പ്രോജക്ട് നമ്പർ 96/2122<br>പ്രോജക്ട്-ജീവനം പദ്ധതിക്ക് വിഹിതം നല്കൽ<br>ഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം<br>അടങ്കൽ-200000/-<br>ചെലവ്-200000/- | 200000/- | 21/22-1-2022 | ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗവിവരങ്ങളിൽ ജില്ലയിലെ ഡയാലിസസ് രോഗികൾക്ക് ചികിത്സ ലഭ്യമാക്കിയെന്നാണ് വിവരിച്ചിരിക്കുന്നത്.എന്നാൽ എത്ര രോഗികൾക്ക് ഏതെല്ലാം ആശുപത്രികളിൽ ചികിത്സ നല്കപ്പെട്ടു എന്നതിന്റെ വിവരങ്ങൾ ഇല്ല.പ്രോജക്ടിൽ ക്യാൻസർ രോഗികൾക്കുള്ള ചികിത്സ ധനസഹായം നല്കുന്നതിനാണ് വിഭാവനം ചെയ്തത്. |
| പ്രോജക്ട് നമ്പർ 3/21-22<br>പ്രോജക്ട്-സാമൂഹ്യസുരക്ഷാ മിഷന് വിഹിതം നല്കൽ<br>ഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം<br>അടങ്കൽ-200000/-<br>ചെലവ്-200000/- | 200000/- | 9/9-8-2021 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല.12-10-2022 തിയ്യതിയിലെ A2/97/22 /KSSM(1)dt.12-10-2022 കത്ത് പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് മാത്രമാണ് എഴുതിയത് |
| ആകെ | 400000/- | | |

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ 5ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.തുക തടസ്സം ചെയ്യുന്നു.

## 1-30 മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പേരിലുള്ള പെൻഷൻ വിതരണം ചെയ്തു

നെന്മേനി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും ഏതാനും ഗുണഭോക്താക്കൾക്ക് തുടർന്നുള്ള മാസങ്ങളിലും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷ-ണറുടെ പേര് | പെൻഷൻ ഐഡി നമ്പർ/ പെൻഷൻ തരം | മരണ രജി-സ്ട്രേഷൻ നമ്പർ | മരണ-മടഞ്ഞ തീയതി | അനർ-ഹമായ കാലയളവ് | അനർ-ഹമായ തുക | അക്കൗണ്ട് മോഡ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1 | സദാനന്ദൻ | 110790202879<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 178/2021 | 02/11/2021 | ഡിസംബർ 2021 | 1600/- | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | അയ്യപ്പൻ | 110790101253 (കർഷക തൊഴിലാളി പെൻഷൻ) | 179/2021 | 12/10/2021 | നവംബർ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 17600/- (11*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 3 | അബു | 110790203479 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 189/2021 | 14/08/2021 | സെപ്റ്റംബർ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 20800/- (13*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 4 | മേരി | 110790600423 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 190/21 | 09/12/2021 | ജനവരി 2022 മുതൽ സെപ്റ്റംബർ 2022 വരെ | 5400/- (9*600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 5 | അല്ലി | 110790100965 (കർഷക തൊഴിലാളി പെൻഷൻ) | 102/2021 | 01/07/2021 | ഓഗസ്റ്റ് 2021 മുതൽ ഡിസംബർ 2021 വരെ | 8000/- (1600*5) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 6 | അച്ച്യുതൻ ചെട്ടി | 110790201083 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 108/2021 | 07/08/2021 | സെപ്റ്റംബർ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 20800/- (13*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 7 | ശേഖരൻ എ കെ | 110790201835 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 110/2021 | 31/07/2021 | ആഗസ്റ്റ് 2021 മുതൽ സെപ്റ്റംബർ 2022 വരെ | 8400/- (14*600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 8 | ഗോപി ആർ കെ | 110790200942 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 117/2021 | 23/08/2021 | സെപ്റ്റംബർ 2021 മുതൽ ഒക്ടോബർ 2021 വരെ | 3200/- (2*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 9 | കൃഷ്ണൻ കെ കെ | 110790100706 (കർഷക തൊഴിലാളി പെൻഷൻ) | 123/2021 | 27/08/2021 | സെപ്റ്റംബർ 2021 മുതൽ ഏപ്രിൽ 2022വരെ | 12800/- (8*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |
| 10 | ചന്ദ്രമതി | 110790200599 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 137/2021 | 24/06/2021 | ജൂലൈ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 24000/- (15*1600) | ബാങ്ക് അക്കൗണ്ട് | ആക്റ്റീവ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | ഗംഗാധരൻ | 110790100389 (കർഷക തൊഴിലാളി പെൻഷൻ) | 57/21 | 14/03/2021 | ഏപ്രിൽ 2021 മുതൽ സെപ്തംബർ 2022 വരെ | 28800/- (18*1600) | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
| 12 | ഉണ്ണീൻ | 110790200069 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 61/2021 | 28/03/2021 | ഏപ്രിൽ 2021 മുതൽ സെപ്തംബർ 2022 വരെ | 28800/- (18*1600) | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
